LIBRARY ARCHIVES Kerala Legislative Assembly

കാട്ടാനകളുടെയും വന്യമൃഗങ്ങളുടെയും ആക്രമണം

292 (3926) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ, അയ്യമ്പുഴ, മലയാറ്റൂർ പഞ്ചായത്തുകളിൽ കാട്ടാനകളുടെയും വന്യമൃഗങ്ങളുടെയും ആക്രമണംമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും നേരിടുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എം.എൽ.എ.-യും പഞ്ചായത്ത് പ്രസിഡന്റും നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എം.എൽ.എ-യും പഞ്ചായത്ത് പ്രസിഡന്റും നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

1. വെള്ളപ്പാറ മുതൽ അയ്യമ്പുഴ വരെ 3 കിലോമീറ്റർ ദൂരം സൗരോർജ്ജവേലി സ്ഥാപിച്ചു.
2. തകരാറിലായിരുന്ന സൗരോർജ്ജ വേലികളുടെ അറ്റകുറ്റപ്പണികൾ വി.എസ്.എസി-ന്റെ സഹായത്തോടെ നടത്തി പ്രവർത്തനക്ഷമമാക്കി.
3. പ്രശ്നബാധിത പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തിപ്പെടുത്തി.
4. വന്യജീവികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വനത്തിനുള്ളിൽ 2013-14-ൽ ഒരു കുളം നിർമ്മിക്കുകയും മറ്റൊന്നിന്റെ ചെളി നീക്കി ഉപയോഗയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.
5. കൃഷിയിടത്തിലിറങ്ങുന്ന കാട്ടാനകളെ വനത്തിനുള്ളിലേക്ക് തിരിച്ച് വിടുന്നതിന് സ്ഥലവാസികളായ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.
6. വന്യമൃഗങ്ങളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിന് കർഷക ബോധവത്ക്കരണം നടത്തിവരുന്നു.